**22U586** (Pages: 2) Name: ..................................

Reg.No: ..................................

**FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2024**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL5 B10 - നാടോടിവിജ്ഞാനീയം**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. പഴഞ്ചൊല്ലിൽ പതിരില്ല എന്ന പഴഞ്ചൊല്ലിന്റെ ധർമ്മം എന്ത്?
2. ഫോക്‌ലോർപഠനത്തിൽ വിലക്കുവാക്കുകൾ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
3. കേരളത്തിലെ ആദ്യകാല ഫോക്‌ലോർ പഠിതാക്കൾ ആരെല്ലാം?
4. നാടൻപാട്ടിലെയും കവിതയിലെയും ഭാഷകൾതമ്മിലുള്ള പ്രധാനവ്യത്യാസമെന്ത്?
5. കുട്ടികളുടെ പാട്ടുകൾ എന്ന ഗണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
6. കാരാസ്കരത്തിൻകുരു പാലിലിട്ടാൽ/ കാലാന്തരേ കയ്പ്പുശമിപ്പതുണ്ടോ? - പൊരുളെന്ത്?
7. ഫോക്‌ലോറിലെ നിർവ്വചനപ്രകാരം ഏതു തരത്തിലുള്ള കഥകളാണ് പുരാവൃത്തത്തിൽ ഉൾപ്പെടുന്നത്?
8. ചരിത്രകഥാഗാനങ്ങൾക്ക് രണ്ട് ഉദാഹരണം നൽകുക.
9. തെയ്യക്കോലം കെട്ടുന്ന ജാതിവിഭാഗങ്ങൾ ഏതെല്ലാം?
10. പടയണിയിലെ പ്രധാനകോലങ്ങൾ ഉണ്ടാക്കുന്നത് എന്തുകൊണ്ടാണ്?
11. കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കമേറിയ മാപ്പിളപ്പാട്ട് ഏതാണ്?
12. എന്താണ് ഖത്ത്പാട്ട്?
13. ആചാരങ്ങൾക്ക് മാറ്റം വരാറുണ്ടോ? ഉദാഹരിക്കുക.
14. ഞെരളത്ത് രാമപ്പൊതുവാൾ ആരായിരുന്നു?
15. കേരളത്തിലെ ഏതെങ്കിലും രണ്ട് കാർഷികോത്സവത്തിന്റെ പേരെഴുതുക.

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. തീയുടെ പ്രാധാന്യവും പരിണാമവും ഫോക്‌ലോറിൽ എങ്ങനെയെന്ന് വിവരിക്കുക.
17. ഫോക്‌ലോറും ദേശീയതയും - കുറിപ്പെഴുതുക

18. കടങ്കഥയും സാഹിത്യവുമായുള്ള ബന്ധമെന്ത്?

19. സദാചാരകഥകൾ - കുറിപ്പെഴുതുക.

20. പൊറാട്ട് നാടകം - കുറിപ്പെഴുതുക.

21. ക്രിസ്ത്യൻ പലഹാരങ്ങൾ - കുറിപ്പെഴുതുക.

22. മുടിയേറ്റിലെ അനുഷ്ഠാനാംശങ്ങൾ എന്തെല്ലാം?

23. ആയുർവ്വേദം - കുറിപ്പെഴുതുക.

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. ഫോക്‌ലോർ എന്ന പദത്തിന്റെ രൂപീകരണചരിത്രവും അതിനുസമാനമായ മലയാളപദങ്ങളുടെ രൂപീകരണചരിത്രവും വിവരിക്കുക.

25. ഐതിഹ്യം എന്നാൽ എന്ത്? അവയുടെ വർഗ്ഗീകരണയുക്തികൾ വിവരിക്കുക.

26. നാടോടിസാഹിത്യവും മുഖ്യധാരാസാഹിത്യവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ ചർച്ചചെയ്യുക.

27. കേരളത്തിലെ ഹൈന്ദവ ആഘോഷങ്ങളെ പരിചയപ്പെടുത്തുക.

**(2 × 10 = 20 Marks)**

*******